പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5077 15-11-2019-ലെ മറുപടിയ്ക്ക്

**പ്രകൃതി ദുരന്തങ്ങൾ കാർഷിക മേഖലയിലുണ്ടാക്കിയ നാശനഷ്ടം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കാലയളവിലുണ്ടായ പ്രകൃതി ദുരന്തങ്ങളായ കൊടിയവരൾച്ച, ഓഖി, പ്രളയം എന്നിവ കാർഷിക മേഖലയെയും കർഷകരെയും എത്തരത്തിൽ ബാധിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങളായ കൊടിയ വരൾച്ച, ഓഖി, പ്രളയം എന്നിവ കാർഷിക മേഖലയെയും കർഷകരെയും വളരെ പ്രതികൂലമായി ബാധിക്കുകയും കർഷകരുടെ കൃഷിയിടങ്ങൾ മൊത്തമായും ഭാഗികമായും വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോയ അവസ്ഥയും ഉണ്ടായി. കാർഷിക രംഗത്തെ അഭിവൃദ്ധിക്ക് വേണ്ടി സർക്കാർ മുൻപ് ഇല്ലാത്ത വിധം അനവധി പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യെങ്കിലും കൊടിയ വരൾച്ച, ഓഖി, മഹാപ്രളയങ്ങൾ എന്നിവ നമ്മുടെ സംസ്ഥാനത്തിന്റെ കൃഷിയെയും സമ്പദ് വ്യവസ്ഥയെയും അതീവ ഗുരുതരമായി ബാധിച്ചു. |
| (ബി) | ദുരന്തങ്ങൾ മൂലം പ്രസ്തുത മേഖലയിലെ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് 2016 ൽ കടുത്ത വരൾച്ച മൂലം 41592.3 ഹെക്ടർ സ്ഥലത്ത് 724.5 കോടി രൂപയുടെ കൃഷി നാശമാണ് ഉണ്ടായിട്ടുള്ളത്.<br>2017-ൽ ഉണ്ടായ ഓഖി ദുരന്തത്തിൽ 2389.69 ഹെക്ടർ സ്ഥലത്ത് 59.385 കോടി രൂപയുടെ നഷ്ടമുണ്ടായി.<br>2018-19 ലെ പ്രളയം മൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.<br>2019-ൽ സംസ്ഥാനത്ത് പ്രളയത്തിലും ഉരുൾപൊട്ടലിലും കാർഷിക മേഖലയ്ക്കും |

| | | | |
|---|---|---|---|
| | | | 15.10.2019 വരെ 1386.2415 കോടി രൂപയുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇതിൽ നിന്നും കർഷകരെ സംരക്ഷിക്കാനും കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദീകരിക്കാമോ; | (സി) | ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.<br>മഹാപ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷുറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 –ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.<br>പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി, |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിന് സമർപ്പിച്ചിട്ടുണ്ട്.<br>2020-21 -ലെ വാർഷിക പദ്ധതിയിൽ പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണവും കൃഷിഭൂമി നഷ്ടപ്പെട്ട കർഷകരെ കൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള പുനർജനി പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>2020-21 വർഷം മുതൽ ഓരോ പ്രദേശത്തിനും ഏറ്റവും അനുയോജ്യമായ വിളകളും കൃഷി രീതികളും അവലംബിച്ചുകൊണ്ട് അഗ്രോ എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | സംസ്ഥാനത്തുണ്ടായ പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽ നിന്നും കാർഷിക മേഖലയെ രക്ഷിക്കാനായി എന്തെല്ലാം കേന്ദ്ര സഹായം ലഭ്യമായി എന്നും സംസ്ഥാനം ആവശ്യപ്പെട്ടത് എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | (ഡി) | പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനഃരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു.<br>കൂടാതെ ഓഖി ദുരിതാശ്വാസമായി 9.21 കോടി രൂപയും 2018-ലെ പ്രളയ ദുരിതാശ്വാസമായി 181.52 കോടി രൂപയും 2019-ൽ 1 കോടി രൂപയും എസ്.ഡി.ആർ.എഫ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ